യിൽ ഒരു ആററംബോംബ് വീണാൽ ചുരുങ്ങിയതു് നാല്പതുലക്ഷം ജനങ്ങൾ മരിക്കാൻ സാദ്ധ്യതയുണ്ടു്. അതോടെ ഇന്ത്യയുടെ പ്രതിരോധശക്തി പാടെ തകർന്നുപോകുമെന്നു് ഉറപ്പുണ്ടെങ്കിൽ, അത്തരം ഒരു സാഹസത്തിനു് പാകിസ്ഥാനിലെ പട്ടാളനേതൃത്വം മുതിർന്നുകൂടായ്കയില്ല. 'വിനാശകാലേ വിപരീതബുദ്ധി', എന്നതു് ഒരു ശാശ്വതസത്യമാണല്ലോ. ഇക്കാരണത്താൽ, പാകിസ്ഥാനു് ആററംബോബു നിർമ്മാണത്തിൽ സാങ്കേതിക–ഉപകരണ–സഹായമോ, ആററംബോബ് ലക്ഷ്യങ്ങളിൽ എത്തിക്കുന്നതിനുള്ള വിമാനങ്ങൾ, റോക്കററുകൾ മുതലായ ഉപകരണങ്ങളോ, അകലെനിന്നു നിരീക്ഷിച്ചു് ബോംബെറിയാനുള്ള ലക്ഷ്യം നിദ്ധാരണം ചെയ്യുന്നതിനു സഹായിക്കുന്ന റഡാർ ഉപകരണങ്ങളോ ലഭിക്കുമ്പോൾ (നൽകുന്നതു് അമേരിക്കയായാലും ചൈനയായാലും വേറെ ആരായാലും) ഇന്ത്യയിൽ വ്യാപകമായ ആശങ്ക ഉളവാവുകയെന്നതു് സ്വാഭാവികമാണു്.

പ്രസിഡണ്ട് നാസറിന്റെ കാലത്തു് ആററംബോംബ് നിർമ്മിക്കാനുള്ള ശ്രമം ഈജിപ്തു് ആരംഭിക്കുകയുണ്ടായി. ഈ ശ്രമം പിന്നീടു് ഉപേക്ഷിക്കപ്പെട്ടു. ഇറാക്കിൽ ആററംബോംബ് നിർമ്മിക്കാൻകൂടി ഉപകരിക്കുമായിരുന്ന അണുശക്തിസ്ഥാപനത്തെ ഇസ്രായേൽ ബോംബിട്ടു തകർത്തുകളഞ്ഞു. എന്നാലും, ഈ രണ്ടു രാജ്യങ്ങൾക്കും, വേണമെങ്കിൽ, ആററംബോംബ് ഉണ്ടാക്കാവുന്നതേയുള്ളു. സോവിയററ്യൂണിയന്റെ സഹായമുണ്ടായാൽ ഇറാനും ആററംബോംബ് ഉണ്ടാക്കാൻ കഴിയും. സഹായം നൽകാൻ സോവിയററ്യൂണിയൻ തയ്യാറാണെന്നും കേൾക്കുന്നു. ഇസ്രായേലിന്റെ സഹായത്തോടെ തെക്കേആഫ്രിക്ക ആററംബോംബ് ഉണ്ടാക്കിക്കഴിഞ്ഞിട്ടുണ്ടത്രേ. ആററംബോംബ് ഉണ്ടാക്കാൻ തെയ്‌വാനെ സഹായിക്കാനും ഇസ്രായേൽ ഒരുക്കമാണു്. തെക്കേഅമേരിക്കയിലെ ബ്രസീൽ, ആർജൻറീന എന്നീ രാജ്യങ്ങൾ ആററംബോബ് ഉണ്ടാക്കുന്നതിനെപ്പററി ആലോചിച്ചുവരുന്നതായി പറയപ്പെടുന്നു. കമ്യൂണിസ്റ്റ് രാജ്യങ്ങളിൽ യൂഗോസ്ലാവിയ സ്വന്തമായി ആററംബോംബുണ്ടാക്കുമെന്നു മുമ്പു പ്രഖ്യാപിക്കുകയുണ്ടായി. പക്ഷേ, ഇക്കാര്യത്തിൽ അവിടെ പുരോഗതിയൊന്നും ഉണ്ടായതായി അറിവില്ല.

എന്തിനു് ഇവരൊക്കെ ആററംബോംബ് ഉണ്ടാക്കണം? അമേരിക്കയുടെയോ റഷ്യയുടെയോ കൈവശമുള്ള ആററംബോംബുകളിൽ ചെറിയ ഒരു ശതമാനം പോരെ ലോകം നശിപ്പിക്കാൻ?

(8, ഒക്ടോബർ 1984)

# 5. പാക്ബോംബിനെപ്പററി വീണ്ടും

'പാകിസ്ഥാന്റെ അണുബോംബ്നിർമ്മാണമാണു് ഇപ്പോൾ അമേരിക്കയ്ക്കും ഇന്ത്യയ്ക്കും ഇടയിലുള്ള മുഖ്യപ്രശ്നം. അടുത്തുതന്നെ പാകിസ്ഥാൻ ഒരു അണുബോംബ് ഉണ്ടാക്കുമെന്നു ഞങ്ങൾ വിശ്വസിക്കുന്നു. അണുബോംബ് നിർമ്മിക്കുന്നതിൽനിന്നു പാകിസ്ഥാനെ തടയുവാൻ സാദ്ധ്യമായതൊന്നും അമേരിക്ക ചെയ്യുന്നില്ലെന്നും ഞങ്ങൾക്കു വിശ്വാസമുണ്ടു്. ഉദാഹരണത്തിനു് അണുബോംബ് നിർമ്മിക്കുന്ന രാജ്യങ്ങൾക്കു് ആയുധങ്ങൾ കയററി അയയ്ക്കരുതെന്നു് അനുശാസിക്കുന്ന നിയമത്തിൽനിന്നു് അമേരിക്ക പാകിസ്ഥാനെ ഒഴിവാക്കിയിരിക്കുന്നു. ഇങ്ങനെ ഒഴിവാക്കപ്പെട്ട ഏക രാജ്യം പാകിസ്ഥാൻ ആകുന്നു. അണുബോംബിൽ വിസ്ഫോടനത്തിനുവേണ്ടി

ഘടിപ്പിക്കുന്ന ചില ഉപകരണങ്ങൾ കളവായി അമേരിക്കയിൽനിന്നു കടത്തിക്കൊണ്ടു പോകാൻ ശ്രമിക്കവേ ഒരു പാകിസ്ഥാൻ പൗരനെ ഈയിടെ അറസ്റ്റ് ചെയ്യുകയുണ്ടായി. വേണ്ടത്ര ദൃഢതയോടെയല്ല, ഈ കാര്യത്തിൽ അമേരിക്ക പെരുമാറിയതു്. ഇതു സംബന്ധിച്ച അമേരിക്കയുടെ വീക്ഷണം ഞങ്ങളുടേതിൽനിന്നു വ്യത്യസ്തമാണെന്നു ഞങ്ങൾക്കു തോന്നുന്നു. ഇന്ത്യൻ ഭൂഖണ്ഡത്തിലേക്കു് അണുബോംബ് കടത്തിക്കൊണ്ടു വന്നാൽ ഈ പ്രദേശത്തിലെ സ്ഥിതി ആകെ മാറിപ്പോകും.' 1985 മെയ് അവസാനത്തിൽ 'ന്യൂസ്‌വീക്ക്' എന്ന അമേരിക്കൻ വാരികക്കു നൽകിയ അഭിമുഖസംഭാഷണത്തിൽ പ്രധാനമന്ത്രി രാജീവ്ഗാന്ധി പറഞ്ഞ വാക്കുകളാണ് ഇവ.

പാകിസ്ഥാന്റെ അണുബോംബ്നിർമാണ പരിശ്രമങ്ങളെപ്പററി, 1984 നവംബർ 4-ലെ ലക്കത്തിൽ, ഇതേ പംക്തിയിൽ, അന്നു ലഭ്യമായ വിവരങ്ങളെ അടിസ്ഥാനമാക്കി ഞാൻ എഴുതിയിരുന്നു. ഇപ്പോൾ 'ടൈം' എന്ന അമേരിക്കൻ വാരിക, അതിന്റെ 1985 ജൂൺ മൂന്നാം തീയതിയിലെ ലക്കത്തിൽ, പാകിസ്ഥാന്റെ അണുബോംബിനെപ്പററി ഒരു പ്രത്യേക ലേഖനം പ്രസിദ്ധീകരിച്ചിട്ടുണ്ടു്. ഈ ലേഖനം ഓരോ ഇന്ത്യാക്കാരന്റെയും നിഷ്കൃഷ്ടപഠനത്തിനു വിധേയമാകേണ്ടതാണ്. നീണ്ട പഠനങ്ങൾക്കുശേഷം തയ്യാറാക്കിയ ഈ ലേഖനത്തിൽനിന്നു ചില വസ്തുതകൾ മാത്രം താഴെ ഉദ്ധരിക്കാം.

തലസ്ഥാനമായ ഇസ്ലാമാബാദിൽനിന്നു് ഇരുപതു മൈൽ തെക്കുകിഴക്കോട്ടു മാറി, 'കഹൂട്ട' എന്ന പ്രദേശത്തിലെ പൊടിനിറഞ്ഞ കുന്നുകളിൽ ഒരു കോട്ടപോലെ പരന്നുകിടക്കുന്ന 'പാകിസ്ഥാൻ അണുഗവേഷണസ്ഥാപന'ത്തിൽ (പാകിസ്ഥാൻ ഇൻസ്റ്റിററ്യൂട്ട് ഓഫ് ന്യൂക്ലിയർ റിസർച്ച്) ആണു പരമരഹസ്യമായി പാകിസ്ഥാന്റെ അണുബോംബ് നിർമാണം നടന്നുവരുന്നതു്. ഈ 'സ്ഥാപന'ത്തിലെ അധികം കെട്ടിടങ്ങളും മണ്ണിനടിയിലാണ്. സ്ഥാപനത്തിനു ചുററും എത്രയോ അടരുകളായി മുൾക്കമ്പിവേലികളുണ്ടു്. പാരച്യൂട്ട്സൈനികർ അതിനു സദാ കാവൽനില്ക്കുന്നു. കഹൂട്ടയിലേക്കുള്ള എല്ലാ വഴികളും തടഞ്ഞു ടാങ്കുകൾ നിലക്കൊള്ളുന്നു. നാലുപാടും ആകാശത്തേക്കു ചൂണ്ടി, നിലത്തുനിന്നു മുകളിലേക്ക് അയയ്ക്കുന്ന മിസ്സൈലുകളും വിമാനങ്ങൾ വെടിവെച്ചു വീഴ്ത്തുന്ന തോക്കുകളും സ്ഥാപിച്ചിരിക്കുന്നു. മുകളിൽ പാകിസ്ഥാനിലെ പോർ വിമാനങ്ങൾ ഇടവിടാതെ ചുഴന്നുപറക്കുന്നു. അധികാരപത്രമില്ലാതെ ആർക്കും കഹൂട്ടയിലേക്കു കടക്കുക സാദ്ധ്യമല്ല.

കഹൂട്ട സ്ഥാപനത്തിൽ എന്തു നടക്കുന്നു എന്നു കൃത്യമായി മനസ്സിലാക്കാൻ പററില്ല. പാകിസ്ഥാന്റെ ഏററവും വലിയ രാജ്യരക്ഷാരഹസ്യമാണു് കഹൂട്ട. എന്നാൽ, കഴിഞ്ഞ പത്തുവർഷങ്ങളായി, കഹൂട്ടയുമായി ബന്ധപ്പെട്ട രഹസ്യഇടപാടുകളുടെയും ചാരപ്രവർത്തനങ്ങളുടെയും ഭീതിജനകങ്ങളായ ചില മിന്നലാട്ടങ്ങൾ ഇടയ്ക്കിടെ പുറമെയുള്ളവർക്കു ലഭിച്ചുവന്നിട്ടുണ്ടു്. പ്രസിഡണ്ട് മുഹമ്മദ് സിയാ ഉൾ ഹക് എത്രതന്നെ ശക്തിയായി നിഷേധിച്ചാലും പാകിസ്ഥാൻ ആററംബോംബ് നിർമാണത്തിന്റെ വളരെ അടുത്തു് എത്തിയിരിക്കുന്നു എന്നതാണു പരമാർത്ഥം.

അണുശക്തിയെ ഉപയോഗപ്പെടുത്തുന്നതിനുള്ള പാകിസ്ഥാന്റെ പരിശ്രമം ആരംഭിച്ചതു് 1955-ലായിരുന്നു. അടുത്ത പത്തു വർഷങ്ങളിൽ, മുപ്പത്തേഴ പാകിസ്ഥാനിശാസ്ത്രജ്ഞന്മാർ അമേരിക്കയിലെ അണുഗവേഷണസ്ഥാപനങ്ങളിൽ പരിശീലനം നേടി. അമേരിക്ക നിർമിച്ചു നൽകിയ ഒരു ചെറിയ അണുശക്തിസ്ഥാപനം 1965-ൽ പാകിസ്ഥാനിൽ പ്രവർത്തനമാരംഭിച്ചു. അണുശക്തിയുടെ സമാധാനപരമായ ഉപയോഗമല്ലാതെ അണുബോംബ് നിർമാണം ഇവിടെ സാദ്ധ്യമായിരുന്നി

ല്ല. കാരണം, ഈ സ്ഥാപനം അന്താരാഷ്ട്രീയനിയന്ത്രണത്തിനു വിധേയമായിരുന്നു.

കഹ്റ്റയിലെ അണുബോംബ്നിർമാണസ്ഥാപനത്തിന്റെ പണി ആരംഭിച്ചതു് 1976–ലാണ്. 1971–ൽ പാകിസ്ഥാന്റെ പ്രസിഡണ്ടായിത്തീർന്ന സുൽഫിക്കർ അലി ഭൂട്ടോ ആയിരുന്നു കഹ്റ്റസ്ഥാപനത്തിന്റെ മുഖ്യശില്പി. 'പാകിസ്ഥാനിലെ ജനങ്ങരം മുഴുവൻ പുല്ലുതിന്നുകയോ പട്ടിണികിടക്കുകയോ ചെയ്യേണ്ടിവന്നാലും, നാം അണുബോംബ് ഉണ്ടാക്കുകതന്നെ ചെയ്യും' എന്നു് ഭൂട്ടോ 1965–ൽ പ്രഖ്യാപിക്കുകയുണ്ടായി. 1972–ൽ, ഇന്ത്യയുമായി നടന്ന മൂന്നാമത്തെ യുദ്ധത്തിൽ തോററതോടെ എങ്ങനെയും അണുബോംബ് ഉണ്ടാക്കിയേ തീരൂ എന്ന വാശി ഭൂട്ടോവിനു് ഉണ്ടായി. ഇതിനായി പാകിസ്ഥാനിലെ ശാസ്ത്രജ്ഞന്മാരുടെയും ഉദ്യോഗസ്ഥമേധാവികളുടെയും ഒരു രഹസ്യസമ്മേളനം മുൾട്ടാനിൽ ഭൂട്ടോ വിളിച്ചുകൂട്ടി. 'പ്രോജക്ട് 706' എന്ന പേരിൽ അണുബോംബ്നിർമാണത്തിനുള്ള ഒരു പദ്ധതി ഈ സമ്മേളനം ആവിഷ്കരിച്ചു.

പ്രകൃതിസിദ്ധമായ യുറേനിയം ഇന്ധനമായി ഉപയോഗിക്കുന്ന ഒരു അണുഭേദനസംവിധാനം (ന്യൂക്ലിയർ റിയാക്ടർ) കാനഡയിൽനിന്നു് 1973–ൽ പാകിസ്ഥാൻ നേടി. ഇതിൽനിന്നും പുറംതള്ളപ്പെടുന്ന പ്ലൂട്ടോണിയം സംസ്കരിച്ചു്, അണുബോംബിൽ ഉപയോഗിക്കുന്ന 'പ്ലൂട്ടോണിയം 239' ആക്കി മാററുന്നതിനുവേണ്ട യന്ത്രസംവിധാനങ്ങരം ഫ്രാൻസിൽനിന്നു വാങ്ങാൻ ഭൂട്ടോ കൂടിയാലോചനകരം ആരംഭിച്ചു. ഒരു ആററംബോംബിനു പത്തുറാത്തൽ 'പ്ലൂട്ടോണിയം' 239' മതിയാവും. ആണ്ടിൽ മുന്നൂറു റാത്തൽ 'പ്ലൂട്ടോണിയം 239' സംസ്കരിച്ചെടുക്കുകയായിരുന്നു ഭൂട്ടോവിന്റെ ലക്ഷ്യം. മൂന്നു വർഷം നീണ്ടുനിന്ന കൂടിയാലോചനകളെത്തുടർന്നു്, 1976–ൽ ഫ്രാൻസുമായി ഭൂട്ടോ ഒരു ഉടമ്പടിയിലേർപ്പെട്ടു.

അമേരിക്കയുടെ നിർബന്ധം കാരണം 1978–ൽ ഫ്രാൻസ് ഈ ഉടമ്പടിയിൽനിന്നു പിന്മാറി. എങ്കിലും, പ്ലൂട്ടോണിയം സംസ്കരണസംവിധാനത്തിന്റെ ബ്ലൂപ്രിൻറുകളിൽ തൊണ്ണൂററഞ്ച് ശതമാനവും അതിനകം പാകിസ്ഥാനു് കിട്ടിക്കഴിഞ്ഞിരുന്നു. ഏതാനും ഫ്രഞ്ചുകമ്പനികരം 1979 വരെ പ്ലൂട്ടോണിയം സംസ്കരിക്കുന്നതിനു് പാകിസ്ഥാനു രഹസ്യസഹായം നൽകിക്കൊണ്ടുമിരുന്നു. കഹ്റ്റയിൽ ഇപ്പോരം പാകിസ്ഥാൻ പ്ലൂട്ടോണിയം സംസ്കരിച്ചു് 'പ്ലൂട്ടോണിയം 239' നിർമിക്കുന്ന പരിപാടി നടത്തിവരികയാണ്. അവിടത്തെ പ്രവർത്തനങ്ങരം പൂർത്തീകരണഘട്ടത്തോടു് അടുത്തിരിക്കുന്നു എന്നാണ് ശ്രീ രാജീവ്ഗാന്ധിയുടെ മുമ്പു് ഉദ്ധരിച്ച പ്രസ്താവനയുടെ അർത്ഥം. അങ്ങനെയായാൽ, പാകിസ്ഥാനു് പ്ലൂട്ടോണിയം 239 ഉപയോഗിച്ചു് ആണ്ടുതോറും പത്തു് ആററംബോംബുകരം വീതം നിർമിക്കുന്നതിനുള്ള കഴിവു കൈവരും.

1977–ൽ ഭൂട്ടോ അധികാരഭ്രഷ്ടനായി. അടുത്ത വർഷം ഭൂട്ടോയെ സിയാ ഉരംഹക്ക് കഴുവേററുകയുംചെയ്തു. എങ്കിലും കഹ്റ്റോവിലെ ബോംബ്നിർമാണപരിശ്രമം തടസ്സംകൂടാതെ മുന്നോട്ടുപോയി. ഹോളണ്ടിൽ, ആംസ്റ്റർഡാംപട്ടണത്തിലെ 'ഫിസിക്കൽ ഡൈനാമിക്സ് റിസർച്ച് ലാബറട്ടറി'യിൽ ലോഹശാസ്ത്രജ്ഞൻ (മെററല്ലർജിസ്റ്റ്) ആയിരുന്ന അബ്ദുരം കാദിർഖാൻ 1976 മാർച്ചിൽ ഹോളണ്ടിൽനിന്നു് ഒളിച്ചുപോന്നു. പ്രാകൃതികയുറേനിയത്തെ സംസ്കരിച്ചു്, ആററംബോംബിൽ ഉപയോഗിക്കുന്ന 'യുറേനിയം 235' ആക്കിമാററുന്നതിനു് പടിഞ്ഞാറൻ യൂറോപ്പിൽ ഏററവും പുരോഗമിച്ച ഗവേഷണം നടന്നിരുന്നതു് ഈ ലാബറട്ടറിയിൽ ആയിരുന്നു. മൂന്നു വർഷം ഇവിടെ ജോലിയിലായിരിക്കെ അബ്ദുരം കാദിർഖാൻ യുറേനിയംസംസ്കരണത്തിനുള്ള

'സെൻട്രിഫ്യൂജ് പ്രക്രിയ'യുടെ വിശദവിവരങ്ങൾ അത്രയും ചോർത്തിയെടുത്ത് പാകിസ്ഥാനിലേക്ക് അയച്ചിരുന്നു. ഇതിനാവശ്യമായ യന്ത്രസംവിധാനത്തിന്റെ ഘടകങ്ങൾ വില്ക്കുന്ന നൂറിലധികം യൂറോപ്യൻ–കനേഡിയൻ–അമേരിക്കൻ-കമ്പനികളുടെ മേൽവിലാസങ്ങളും അബ്ദുൾ കാദിർഖാൻ പാകിസ്ഥാനു നൽകിയിരുന്നു. ഈ യന്ത്രോപകരണങ്ങൾ കിട്ടുന്നേടത്തുനിന്നൊക്കെ വാങ്ങിക്കൂട്ടാൻ പാകിസ്ഥാൻ പിന്നെ അമാന്തിച്ചില്ല. ലിബിയയുടെ സഹായത്തോടെ, 1978–ൽ ആഫ്രിക്കയിലെ നൈജർ എന്ന സ്ഥലത്തുനിന്ന് നാനൂറു ടൺ യുറേനിയം ഓക്സൈഡ് (പ്രാകൃതിക യുറേനിയം) പാകിസ്ഥാൻ വാങ്ങി ശേഖരിച്ചു. ഇതു സംസ്കരിച്ചാണ് ബോംബിൽ ഉപയോഗിക്കേണ്ട 'യുറേനിയം 235' ആക്കുക. ബോംബുനിർമ്മാണത്തിനുള്ള 'പ്രോജക്ട് 706'നുവേണ്ടി കോടിക്കണക്കിന് ഡോളർ ലിബിയയിലെ ഭരണാധികാരിയായ മുഅമ്മർ ഗദ്ദാഫി പാകിസ്ഥാനു കൊടുത്തുവത്രേ. ഇതിനു പ്രതിഫലമായി, ലിബിയൻ ശാസ്ത്രജ്ഞന്മാർക്കു യുറേനിയംസംസ്കരണത്തിൽ പരിശീലനം നൽകാമെന്ന് പാകിസ്ഥാൻ ഏറ്റു.

എന്നാൽ, സിയാ ഉൾ ഹക്കിന് ഗദ്ദാഫിയിൽ വിശ്വാസമില്ലാതായതോടെ ലിബിയയും പാകിസ്ഥാന്റെ അണുബോംബ് നിർമാണവുമായുള്ള ബന്ധം മുറിഞ്ഞു. ഇപ്പോൾ സൗദിഅറേബ്യയാണ് അണുബോംബ് നിർമാണത്തിനാവശ്യമായ പണം പാകിസ്ഥാനു കൊടുക്കുന്നത്. പകരം പാകിസ്ഥാനി ചോറ്റുപട്ടാളം സൗദിഅറേബ്യയിൽ സേവനം അനുഷ്ഠിക്കുകയും ചെയ്യുന്നു.

ഹോളണ്ടിലെ ജോലി വിട്ട് ഏറെ താമസിയാതെ അബ്ദുൾ കാദിർഖാൻ കഹൂട്ടയിലെ അണുബോംബ് നിർമാണപ്രവർത്തനങ്ങളുടെ തലവനായി നിയമിക്കപ്പെട്ടു. ചാരപ്രവർത്തനക്കുറ്റം ചുമത്തി ഒരു ഡച്ച് കോടതി 1984 നവംബറിൽ അബ്ദുൾ കാദിർഖാന് നാലു കൊല്ലത്തെ തടവുശിക്ഷ വിധിച്ചു. പക്ഷേ, ചില സാങ്കേതിക കാരണങ്ങളാൽ, പിന്നീട് ഈ ശിക്ഷയിൽനിന്ന് അദ്ദേഹത്തെ ഒഴിവാക്കുകയാണുണ്ടായത്. ഒഴിവാക്കിയില്ലെങ്കിലും ഒന്നും സംഭവിക്കുമായിരുന്നില്ല. കാരണം, ഖാൻ അപ്പോൾ ഡച്ച് ഗവണ്മെന്റിന്റെ അധികാരപരിധിക്കു പുറത്തായിരുന്നു.

യുറേനിയം സംസ്കരിക്കുന്നതിനുള്ള 'സെൻട്രിഫ്യൂജ്' ഉപകരണങ്ങളുടെ ഏതാനും ഘടകങ്ങൾ അമേരിക്കയിലെ ജനറൽ ഇലക്ട്രിക് കമ്പനി, വെസ്റ്റിങ് ഹൗസ് ഇലക്ട്രിക് കോർപ്പറേഷൻ, ആർ. സി. എ. കോർപ്പറേഷൻ, മോട്ടോറോല എന്നീ കമ്പനികളിൽനിന്നു കളവായി വാങ്ങി അയയ്ക്കാൻ പാകിസ്ഥാൻ ആറ്റമിക് എനർജി കമ്മീഷൻ കാനഡയിൽ പൗരത്വം നേടിയ മൂന്നു പാകിസ്ഥാൻകാരോട് 1980–ൽ ആവശ്യപ്പെട്ടു. ആവശ്യപ്പെട്ട സാധനങ്ങൾ പത്തു തവണയായി അവർ പാകിസ്ഥാനിലേക്കു കടത്തി. പതിനൊന്നാമത്തെ തവണ സാധനങ്ങൾ കടത്തുമ്പോൾ, 1984–ൽ ഈ മൂന്നു പാകിസ്ഥാൻകാരെയും കാനഡഗവണ്മെന്റ് അറസ്റ്റ്ചെയ്തു. കയറ്റുമതി ലൈസൻസ് വാങ്ങിയില്ല എന്ന നിസ്സാരകുറ്റത്തിന് ഇവരിൽ രണ്ടുപേർക്കു കോടതി മൂവായിരം ഡോളർ വീതം പിഴശിക്ഷ വിധിച്ചു.

'യുറേനിയം 235', 'പ്ലൂട്ടോണിയം 239' എന്നിവയിൽ ഏതെങ്കിലുമൊന്ന് ഉപയോഗിച്ചാണ് അണുബോംബ് ഉണ്ടാക്കുന്നത്. ആണ്ടുതോറും മുപ്പതു റാത്തൽ 'യുറേനിയം 235' ഉണ്ടാക്കുന്നതിനുള്ള കഴിവ് ഇപ്പോൾ പാകിസ്ഥാൻ നേടിക്കഴിഞ്ഞിട്ടുണ്ടെന്ന് 1984 ഫെബ്രുവരിയിൽ അബ്ദുൾ കാദിർഖാൻ പ്രസ്താവിക്കുകയുണ്ടായി. പാകിസ്ഥാന് അണുബോംബ് നിർമാണത്തിൽ താല്പര്യമില്ലെന്നുകൂടി അബ്ദുൾ കാദിർ

ഖാൻ പറഞ്ഞു. എങ്കിൽ, ബോംബിനു മാത്രം ആവശ്യമുള്ള 'യുറേനിയം 235' പാകിസ്ഥാൻ നിർമിക്കുന്നതെന്തിനു്?

അമേരിക്കയിലെ ഹ്യൂസ്റ്റൻനഗരത്തിൽ ഒരു ബിസിനസ്കാരനായ നാസിർ അഹമ്മദ് വൈഡ് എന്ന പാകിസ്ഥാനിയെ 1984 ഏപ്രിലിൽ അമേരിക്കൻ കസ്റ്റംസ് അധികൃതർ അറസ്റ്റ് ചെയ്തു. ആററംബോംബ് പൊട്ടിക്കുന്നതിനു് ഉപയോഗപ്പെടുത്താവുന്ന 'ക്രൈട്രോൺ' എന്ന ട്രിഗർ ഉപകരണം, അമ്പതു് എണ്ണം, 'ബാംബ് സ്വിച്ച്' എന്ന വ്യാജേന പാകിസ്ഥാനിലേക്കു് അയയ്ക്കാൻ ശ്രമിച്ചതിനു് അയാളെ രണ്ടു വർഷത്തെ തടവിനും അഞ്ചു വർഷത്തെ നല്ലനടപ്പു് ജാമ്യത്തിനും ശിക്ഷിക്കുകയുംചെയ്തു. അയാളെ പിന്നീടു പാകിസ്ഥാനിലേക്കു നാടുകടത്തി. പാകിസ്ഥാൻെറ അണുബോംബ് നിർമാണവുമായി ഇയാരം ബന്ധപ്പെട്ടിരുന്നു എന്നു തെളിയിക്കുന്ന രേഖകരം അമേരിക്കൻ അധികൃതരുടെ കൈയിൽ ഇരിക്കെയാണു് ഈ 'നാടുകടത്തൽ' നടന്നതു്.

1974–ൽ ആണു് ഇന്ത്യ പോഖ്റാനിൽ പരീക്ഷണാർത്ഥം ഒരു അണുസ്ഫോടനം നടത്തിയതു്. താരാപൂർ അണുവൈദ്യുതനിലയത്തിലേക്കു നൽകാമെന്നു് ഏററിരുന്ന ഉപകരണങ്ങളും അസംസ്കൃതവിഭവങ്ങളും ഈ സ്ഫോടനത്തെത്തുടർന്നു്, അമേരിക്ക ഇന്ത്യയ്ക്കു നിഷേധിക്കുകയുണ്ടായി. എന്നാൽ, പാകിസ്ഥാനോടുള്ള അമേരിക്കയുടെ നയം തികച്ചും വ്യത്യസ്തമാണു്. സോവിയററ്സേന അഫ്ഘാനിസ്ഥാനിൽ കടന്നതിനെത്തുടർന്നു്, 1981–ൽ പ്രസിഡണ്ടു് റെയ്ഗൻ പാകിസ്ഥാനു് മുന്നൂററിയിരുപതുകോടി ഡോളർ സാമ്പത്തിക–സൈനിക–സഹായമായി നൽകുമെന്നു പ്രഖ്യാപിച്ചു. അമേരിക്ക പാകിസ്ഥാനു നൽകുന്ന നാല്പതു് എഫ്-16 വിമാനങ്ങരം ഓരോന്നും ആററംബോംബ് വഹിച്ചു പറക്കാൻ കഴിവുള്ളവയാണു്. പാകിസ്ഥാൻ ആററംവിസ്ഫോടനം നടത്തിയാൽ അമേരിക്ക പാകിസ്ഥാനു നൽകുന്ന സഹായം നിർത്തിവയ്ക്കുമെന്നു് ഒരു വ്യവസ്ഥയുണ്ടു്. പക്ഷേ, ആ വ്യവസ്ഥ 1987-ൽ അവസാനിക്കുകയാണു്. ഒരുപക്ഷേ, 1987-ൽ പാകിസ്ഥാൻ സ്വന്തം നിലയിൽ ഒരു അണുവിസ്ഫോടനം നടത്തിക്കൂടെന്നില്ല.

പരീക്ഷണാർത്ഥം അണുവിസ്ഫോടനം നടത്തിയിട്ടുണ്ടെങ്കിലും, ഇന്ത്യ ഇന്നോളം അണുബോംബ് ഉണ്ടാക്കിയിട്ടില്ല. പാകിസ്ഥാൻ അണുബോംബ് ഉണ്ടാക്കുകയാണെങ്കിൽ അതു് ആർക്കെതിരെ പ്രയോഗിക്കാൻ ആയിരിക്കും? സോവിയററ്റഷ്യയ്ക്കെതിരെ ആത്മഹത്യാപരമായ ഒരാക്രമണം പാകിസ്ഥാൻ നടത്തുമെന്നു പ്രതീക്ഷിക്കേണ്ടതില്ല. സ്വാതന്ത്ര്യത്തിൻെറ മുപ്പത്തെട്ടു വർഷങ്ങരംക്കുള്ളിൽ മൂന്നുതവണ പാകിസ്ഥാൻ ഇന്ത്യയെ ആക്രമിക്കുകയുണ്ടായെന്നും, ഇന്ത്യയുടെ വളരെ വലിയ ഒരു ഭൂപ്രദേശം ഇപ്പോഴും പാകിസ്ഥാൻെറ സൈനിക—അധിനിവേശത്തിനു കീഴിലാണെന്നും, പാകിസ്ഥാനും ഇന്ത്യയും തമ്മിലുള്ള എത്രയോ, തർക്കങ്ങരം ഇപ്പോഴും തീരാതെ കിടക്കുകയാണെന്നുമുള്ള കഠിനങ്ങളായ, യാഥാർത്ഥ്യങ്ങരം നാം മറന്നുകൂടാ.

അണുബോംബുനിർമാണത്തിൽ വമ്പിച്ച 'പുരോഗതി' അടുത്ത കാലത്തായി ഉണ്ടായിട്ടുണ്ടു്. അമേരിക്കൻസേന വികസിപ്പിച്ചെടുത്ത ഒരു ചെറിയ അണുബോംബിനു് അമ്പത്തെട്ടു റാത്തൽ തൂക്കമേ ഉള്ളവത്രേ. ഇതു് ഒരു സൂട്ട്കേസ്സിലാക്കി കൈയിൽ കൊണ്ടുനടക്കാൻ കഴിയും. അണുബോംബുനിർമാണം താരതമ്യേന എളുപ്പമാണു്. ഒരു തോക്കിൻകുഴലിൻെറയത്ര വലിപ്പമുള്ള ഇരുമ്പുകുഴലിൽ ഘടിപ്പിച്ച രണ്ടു 'പ്ലൂട്ടോണിയം—239' ഖണ്ഡുകരം വെടിമരുന്നുപയോഗിച്ചു് പരസ്പരം കൂട്ടിയടിപ്പിച്ചാൽ അണുവിസ്ഫോടനം നടക്കും. ഹിരോഷിമയെ നശിപ്പിച്ച ബോംബിൻെറ അത്ര ശക്തിയുള്ള ഒരു ആററംബോംബ് ഉണ്ടാക്കാൻ ഇന്നു്

ഏതാനും ആയിരം ഡോളറേ ചെലവുവരുകയുള്ളു. ഇത്തരം ബോംബുകൾ ഒരു അംബാസിഡർ കാറിൽ കയററിക്കൊണ്ടുപോവുകയുമാവാം. ചെറിയ അണുബോംബുകൾ ഗവണ്മെൻറുകൾ നിർമ്മിച്ച് അയൽരാജ്യങ്ങളിലെ ഭീകരസംഘങ്ങൾക്കു നൽകിക്കൂടായ്കയില്ല. രാജ്യതന്ത്രത്തിൽ എന്താണ് സംഭവിക്കാൻ പാടില്ലാത്തതു്?

പാകിസ്ഥാനിലെ അണുബോംബ്നിർമ്മാണപരിശ്രമങ്ങളെപ്പററി നാം സംഭ്രാന്തരാകേണ്ടതില്ല. എന്നാൽ, വസ്തുതകൾക്കുനേരെ നാം കണ്ണടച്ചുകൂടാ. ഒട്ടകപ്പക്ഷിനയം ആർക്കും ഗുണംചെയ്യില്ല. ഭരണകക്ഷിയെന്നപോലെ പ്രതിപക്ഷകക്ഷികളും, സർക്കാർ എന്നപോലെ സാധാരണ ജനങ്ങളും, ഉദ്ബുദ്ധമായ താല്പര്യത്തോടെ ഈ വസ്തുതകൾ മനസ്സിലാക്കേണ്ടിയിരിക്കുന്നു.

കഃ കാലഃ കാനി മിത്രാണി
കോ ദേശഃ കൗ വ്യയാഗമൗ
കശ്ചാഹം കാ ച മേ ശക്തിഃ
ഇതി ചിന്ത്യം മുഹുർമുഹുഃ

(കാലം ഏതു്, സുഹൃത്തുക്കൾ ആർ, ദേശം ഏതു്, ചെലവ് എന്തു്, വരവ് എന്തു്, ഞാൻ ആരു്, എന്റെ ശക്തി എത്രമാത്രം—എന്നു കൂടെക്കൂടെ ആലോചിക്കേണ്ടതാണ്.) എന്ന ഉപദേശം വ്യക്തികളുടെ കാര്യത്തിലെന്നപോലെ രാഷ്ട്രങ്ങളുടെ കാര്യത്തിലും പ്രസക്തമാകുന്നു.

(10 ജൂൺ, 1985)

# 6. മുങ്ങിക്കപ്പലുകൾ

'ഇൻഫ്ളെക്സിബിൾ' എന്ന പുതിയ ഫ്രഞ്ച് മുങ്ങിക്കപ്പൽ 1985 മെയ് അവസാനവാരത്തിൽ ഫ്രഞ്ച് നാവികസേനയിലെ അതിന്റെ സേവനം ആരംഭിച്ചു. അണുശക്തികൊണ്ടു പ്രവത്തിക്കുന്ന ഈ മുങ്ങിക്കപ്പലിൽ ആഫീസർമാരും ഭടന്മാരുമായി നൂററിയിരുപത്തേഴ ജോലിക്കാർ പ്രവർത്തിക്കുന്നു. കപ്പലിൽ കിട്ടുന്ന വിഭവസമൃദ്ധമായ ഭക്ഷണം കാരണം രണ്ടു മാസം നീണ്ട സമുദ്രസഞ്ചാരത്തിനുശേഷം അവധിക്കു കരയിലിറങ്ങുമ്പോൾ, ഈ കപ്പൽക്കാരിലോരോരുത്തർക്കും ശരീരത്തിന്റെ തൂക്കം മുമ്പുണ്ടായിരുന്നതിനേക്കാൾ പതിനഞ്ചു റാത്തലെങ്കിലും കൂടിയിരിക്കുമത്രേ. ഭക്ഷണപ്രിയരേ, ഫ്രഞ്ച് മുങ്ങിക്കപ്പൽപ്പടയിൽ ചേരുക!

മുങ്ങിക്കപ്പലിൽ അടുക്കളയും ഭക്ഷണമുറിയും മാത്രമേ ഉള്ളു എന്നു കരുതേണ്ട. ഓരോന്നിലും വ്യത്യസ്ത ലക്ഷ്യങ്ങളിൽ വിക്ഷേപിക്കാവുന്ന ആറ് ആററംബോംബുകൾവീതം ഘടിപ്പിച്ച പതിനാറു 'മിർവ്'മിസ്സൈലുകൾ 'ഇൻഫ്ളെക്സിബി'ളിലുണ്ട്. ഈ തൊണ്ണൂററാറ് ആററം ബോംബുകൾ ഓരോന്നിന്റെയും സ്ഫോടനശക്തി ഒന്നരലക്ഷം ടൺ ടി. എൻ. ടി.ക്കു തുല്യമാണ്. മുങ്ങിക്കപ്പൽ കിടക്കുന്ന സ്ഥലത്തുനിന്ന് നാലായിരത്തഞ്ഞൂറു കിലോമീററർ ദൂരത്തുവരെ ഈ ബോംബുകൾ വീഴ്ത്താൻ, അവ വഹിക്കുന്ന മിസ്സൈലുകൾക്കു കഴിവുണ്ട്. ഇവ പ്രയോഗിക്കുന്നതിനുള്ള കല്പന ഫ്രഞ്ചു പ്രസിഡണ്ട് വേണം കൊടുക്കാൻ. ഫ്രഞ്ചു പ്രസിഡണ്ടിന്റെ കല്പന, അദ്ദേഹം എവിടെയിരുന്നാലും അദ്ദേഹത്തിന്റെ വാക്കുകളിൽത്തന്നെ റേഡിയോ–ടെലക്സ് ഉപകരണത്തിലൂടെ മുങ്ങിക്കപ്പലിൽ